5) എല്ലാ ജില്ലാ ആസൂത്രണ
സമിതി അദ്ധ്യക്ഷന്മാരും - അംഗങ്ങൾ

6) എല്ലാ കോർപ്പറേഷൻ മേയർമാരും - അംഗങ്ങൾ

7) സംസ്ഥാന ചീഫ് സെക്രട്ടറി - മെമ്പർ സെക്രട്ടറി

8) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് മുനിസിപ്പൽ കൗൺസിൽ ചെയർമാൻമാർ, രണ്ട് ടൗൺ പഞ്ചായത്ത് ചെയർമാൻമാർ, രണ്ട് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാർ, രണ്ടു ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ-അംഗങ്ങൾ.

(സി) സംസ്ഥാന വികസന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ വികസനത്തിനും മേഖലാതല വികസനത്തിനുമുള്ള നയം രൂപീകരിക്കുക.

2) ജില്ലാടിസ്ഥാനത്തിലും, സംസ്ഥാനാടിസ്ഥാനത്തിലും ഉള്ള പദ്ധതികളെ ഏകോപിപ്പിക്കുക.

3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രബലപ്പെടുത്തുന്നതിന് ആവശ്യമായ നയം രൂപീകരിക്കുക.

4) ജില്ലകൾ തമ്മിലുള്ള വികസന സംബന്ധിയായ പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

(ഡി) ആറു മാസത്തിലൊരിക്കൽ.

(ഇ) സംസ്ഥാന വികസന കൗൺസിലിന് നിയമപ്രാബല്യം നൽകിക്കൊണ്ട് കേരളാ മുനിസിപ്പാലിറ്റി ആക്ടിന് ഭേദഗതി വരുത്തിക്കഴിഞ്ഞു.

2 (2187) സ്വകാര്യ പൊതുമേഖലകളിലെ നിക്ഷേപം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98 1998-99 വർഷങ്ങളിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും ആയി എത്രകോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത മുതൽമുടക്ക് നടത്തിയത് എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) കുറ്റമറ്റരീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കി യഥാസമയം കൊടുക്കാത്തതുകൊണ്ടാണ് സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ഉണ്ടാകാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1996-97 മുതൽ 1998-99 വരെയുള്ള മൂന്നുവർഷക്കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതമായി, താൽക്കാലിക കണക്കനുസരിച്ച് മൊത്തം 8153.76 കോടി രൂപ (1996-97 ൽ 2180.18 കോടി രൂപ, 1997-98 ൽ 2867.63 കോടി രൂപ, 1998-99-ൽ 3105.95 കോടി രൂപ, ചെലവഴിക്കുകയുണ്ടായി. ഇതിനു പുറമേ, 1996 ഏപ്രിൽ മുതൽ 1998 മാർച്ച് അവസാനംവരെയുള്ള രണ്ടുവർഷകാല

LIBRARY ARCHIVES Kerala Legislative Assembly

യളവിൽ മൊത്തം 1326 കോടി രൂപയുടെ കേന്ദ്ര മുതൽമുടക്ക് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.

1998-99 ലെ കേന്ദ്രപൊതുമേഖലാ നിക്ഷേപത്തെ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല. സ്വകാര്യമേഖലയിൽ ഉണ്ടായിട്ടുള്ള മുതൽമുടക്ക് കണക്കാക്കിയിട്ടില്ല.

(ബി) പൊതുമേഖലയിലാണ് പ്രസ്തുത മുതൽമുടക്ക് (മൊത്തം 9479.76 കോടി രൂപ) നടത്തിയിട്ടുള്ളത്. സംസ്ഥാന പദ്ധതി വിഹിതമായി മുതൽമുടക്കിയ 8153.76 കോടി രൂപയുടെ വികസനമേഖല തിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.†

1996-98-ൽ ഉണ്ടായ കേന്ദ്ര മുതൽമുടക്കായ 1326 കോടി രൂപ വിനിയോഗിച്ചിരിക്കുന്നത് മുഖ്യമായും വ്യവസായ മേഖലയിലും വൈദ്യുതി ഉത്പാദന മേഖലയിലുമാണ്.

(സി) സംസ്ഥാനത്ത് വികസന പദ്ധതികൾക്കാവശ്യമായ ദീർഘകാല വായ്പകൾ നൽകുന്നതിൽ കുറവുണ്ടാകുന്നതിന് ധനകാര്യസ്ഥാപനങ്ങളും ദേശസാൽകൃത ബാങ്കുകളും ചുണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങളിൽ ഒന്ന് കുറ്റമറ്റ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കി യഥാസമയം അവർക്ക് സമർപ്പിക്കാത്തതാണ് എന്നതാണ്. എന്നാൽ ഈ നിഗമനം ശരിയല്ല എന്നാണ് വ്യവസായ സംരംഭകരുടേയും മറ്റു നിക്ഷേപകരുടേയും അനുഭവത്തിന്റെ വെളിച്ചത്തിലുള്ള അഭിപ്രായം.

3 (2188) വിദേശ മലയാളികളുടെ നിക്ഷേപം

ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവരുടെ ജോലി സുരക്ഷിതത്വത്തിന് സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രവാസി വകുപ്പ് ഇക്കാര്യത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വിദേശമലയാളികളിൽനിന്നും സംസ്ഥാനത്ത് നിക്ഷേപം സ്വീകരിക്കാൻ സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) വിദേശമലയാളികളിൽനിന്നും സംസ്ഥാനത്തിന് കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ലഭിച്ച നിക്ഷേപത്തോത് വെളിപ്പെടുത്തുമോ;

(ഇ) ഈ വിദേശ മലയാളി നിക്ഷേപം എപ്രകാരം പ്രയോജനപ്പെടുത്താനാണ് സർക്കാർ നടപടി സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഏതെല്ലാം മേഖലകളിലാണ് വിദേശ മലയാളികൾ മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

† അനുബന്ധം II
406/2010.

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. ഗുരുവായൂർ, കോഴിക്കോട്, മലയാറ്റൂർ, പീരുമേട്, നെല്ലിയാംപതി എന്നിവിടങ്ങളിൽ യാത്രി നിവാസുകളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. കുമിളി, കൊണ്ടോട്ടി എന്നിവിടങ്ങളിൽ യാത്രി നിവാസിന്റെ നിർമ്മാണം ഉടനെ ആരംഭിക്കും. വയനാട്ടിലെ തിരുനെല്ലിയിൽ പുതിയ യാത്രി നിവാസ് നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

11. പരവൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകളുടെയും കായംകുളം, ആറന്മുള, ആലുംകടവ്, അതിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ വഴിയോര-ജലയോര വിശ്രമ കേന്ദ്രങ്ങളുടെയും പണി നടന്നു വരുന്നു.

12. ആയുർവേദം ഒരു പ്രധാന ടൂറിസം ആകർഷണമായി പ്രചരിപ്പിച്ചു വരുന്നു. ഈ രംഗത്തു മെച്ചമായ സേവനം ടൂറിസ്റ്റുകൾക്ക് ഉറപ്പു വരുത്തുന്നതിനായി ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനും നിശ്ചിത യോഗ്യതയുള്ളവരെ കൊണ്ടുമാത്രം ചികിത്സ നടത്തിക്കുവാനും പര്യാപ്തമായ ഒരു സ്കീം നടപ്പാക്കിവരുന്നു.

13. ചരിത്ര പ്രാധാന്യമുള്ള പുരാതന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'ഗൃഹസ്ഥലി'യെന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

14. ടൂറിസം പ്രചാരണാർത്ഥം വിവിധ മേളകൾ സംഘടിപ്പിച്ചു വരുന്നു. ജലതരംഗം, വില്ലേജ് ഫെയർ, ടൂറിസം വാരാഘോഷം, നിശാഗന്ധി നൃത്തോത്സവം എന്നിവയാണ് ഇവയിൽ പ്രധാനം.

15. സ്വകാര്യ മേഖലയുടെ മുതൽമുടക്ക് വർദ്ധിപ്പിക്കുന്നതിനായി ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചു. മുതൽമുടക്കിന്റെ 10% ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി താരീഫിൽ ഇളവ് ഇവ അനുവദിച്ചു. നികുതിയിളവ്, പലിശയിളവുള്ള സബ്സിഡി തുടങ്ങിയവ പരിഗണനയിലാണ്.

അനുബന്ധം - II

12-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1(2187) കാണുക

1996-97, 1997-98, 1998-99 വർഷങ്ങളിൽ സംസ്ഥാന പദ്ധതിയിനത്തിൽ മുതൽമുടക്കിയ തുകയുടെ വിശദാംശങ്ങൾ

ക്രമ നം.	വികസന മേഖല	മുതൽമുടക്കിയ തുക (ലക്ഷം രൂപ)			
		1996-97	1997-98	1998-99* (താത്കാലികം)	ആകെ
1.	കൃഷിയും അനുബന്ധ മേഖലകളും	20973.96	19099.75	20131.48	60205.20
2.	ഗ്രാമ വികസനം	17357.48	5850.19	7677.42	30885.09
3.	സഹകരണം	3375.43	2679.15	1568.76	7623.34
4.	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	23564.52	22892.15	20313.89	66770.56
5.	വൈദ്യുതി	53925.75	53587.11	80725.29	188238.15
6.	വ്യവസായവും ധാതുക്കളും	27227.80	23114.72	18072.56	68415.08
7.	ഗതാഗതവും വാർത്താവിനിമയവും	17270.73	26578.84	20408.75	64258.32

LIBRARY ARCHIVES Kerala Legislative Assembly

8.	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	1623.66	1203.45	1570.73	4397.84
9.	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	49291.11	51982.21	40583.14	141856.46
10.	സാമ്പത്തിക സർവ്വീസുകൾ	634.45	791.14	902.30	2327.89
11.	ജനറൽ സർവ്വീസുകൾ	2773.00	4797.35	4568.30	12138.65
12.	തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം	-	74186.70	94072.58	168259.28
	മൊത്തം	**218017.89**	**286762.76**	**310595.20**	**815375.86**

* ബന്ധപ്പെട്ട മേഖലകളിലെ എസ്.സി.പി/ടി.എസ്.പി. പരിപാടികൾക്കുള്ള ചെലവ് ഉൾപ്പെടെ. (ഏറ്റവും പുതിയ താൽക്കാലിക കണക്കനുസരിച്ച്).

അനുബന്ധം - III

12-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 12 (2198) കാണുക.

RAJIV GANDHI CENTRE FOR BIOTECHNOLOGY RESEARCH PROJECTS COMPLETED

Sl. No	Name of Project	Year	Grant received (Rs.)	Funding agency	Investigator
1.	A biological and environmental survey of Kuttanad area for developing a sustained agroecological policy for the region	1991-92 1992-93	2,58,000 1,81,110	STEC	Dr. M.M. Koshy
2.	Instructional package for Environment Education using conventional and multimedia approaches for High school students	1993-94	1,65,000	Govt. of India	Director
3.	Studies on amphibians of Kuttanad – a natural wet land in Central Kerala	1994-95	5,146	STEC	M.Z. Andrews
4.	UNICEF Project	1993-94 1994-95	1,02,000 17,748	UNICEF	Dr. N. Hrishi
5.	DBT Project-Biotechnology programmes on viral & bacterial diseases estrogen receptors and on environmental pollution in Kuttanad	1996-97 1997-98 1998-99	86,70,000 20,20,000	GBT, Govt. of India	Dr. M.R. Das Dr. R.V. Thampan Dr. Sathish
6.	Indo-US-VAP-Indian strains of Hep. – C virus, Detection, prevalence and strategies for control	1996-97 1997-98	7,00,000 3,00,000	Govt. of India	Dr. M.R.Das
7.	Emeritus Scientist – Mechanistic studies on Molybotate plus H O – induced activation of blood platelets	1996-97 1997-98	95,000 1,19,265	C.S.I.R	Dr. Jamaluddin

LIBRARY ARCHIVES Kerala Legislative Assembly